# 4 ലോഹനിർമാണം

മൊട്ടുസൂചി മുതൽ വിമാനം വരെയുള്ള ഉപകരണങ്ങൾ നിർമ്മിക്കാൻ ഇരുമ്പ് ഉപയോഗിക്കുന്നു. ചെമ്പിനും അലുമിനിയത്തിനും നമ്മുടെ ദൈനംദിന ജീവിതത്തിൽ വിവിധ ഉപയോഗങ്ങളുണ്ട്. സ്വർണം, വെള്ളി, പ്ലാറ്റിനം എന്നിവ ആഭരണങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്നു.

ക്രിയാശീലം കൂടിയ ലോഹങ്ങൾ അവയുടെ സംയുക്താവസ്ഥയിൽ കാണപ്പെടുന്നു.ക്രിയാശീലം വളരെ കുറഞ്ഞ ലോഹങ്ങൾ (പ്ലാറ്റിനം, സ്വർണം മുതലായവ) സ്വതന്ത്രാവസ്ഥയിലും കാണപ്പെടുന്നു.

### ♥♥♥ധാതുക്കൾ

ഭൂവൽക്കത്തിൽ കാണപ്പെടുന്ന ലോഹ സംയുക്തങ്ങളെ സാധാരണയായി ധാതുക്കൾ എന്ന് വിളിക്കുന്നു.
ഉദാഹരണം: ബോക്സൈറ്റ് ($Al_2O_3$ $2H_2O$), ക്രയോലൈറ്റ് ($Na_3AlF_6$), കളിമണ്ണ് ($Al_2O_3$ $2SiO_2$ $2H_2O$) തുടങ്ങിയവ അലുമിനിയത്തിന്റെ ചില ധാതുക്കളാണ്.

1. ലോഹങ്ങൾ വേർതിരിച്ചെടുക്കുന്നതിന് ഉപയോഗിക്കുന്ന ധാതുക്കളുടെ സ്വഭാവ സവിശേഷതകൾ എന്തൊക്കെയാണ്?

സുലഭമായിരിക്കണം • ചെലവ് കുറഞ്ഞ രീതിയിലും വേർതിരിക്കാവുന്നത് ആയിരിക്കണം • ലോഹത്തിന്റെ അംശം കൂടിയിരിക്കണം

### ♥♥♥അയിര്

ഒരു ധാതുവിൽ നിന്ന് ***എളുപ്പത്തിലും വേഗത്തിലും ചെലവ്കുറഞ്ഞ രീതിയിലും*** ലോഹം വേർതിരിച്ചെടുക്കാൻ കഴിയുന്നുവെങ്കിൽ അതിനെ ആ ലോഹത്തിന്റെ അയിര് (Ore) എന്നു വിളിക്കാം.

♥♥♥ചില ലോഹങ്ങളും അവയുടെ അയിരുകളും താഴെ കൊടുക്കുന്നു

| ലോഹം | അയിരുകൾ | രാസസൂത്രം |
|---|---|---|
| അലുമിനിയം | ബോക്സൈറ്റ് | $Al_2O_3$ $2H_2O$ |
| ഇരുമ്പ് | ഹേമറ്റൈറ്റ് | $Fe_2O_3$ |
| | മാഗ്നറ്റൈറ്റ് | $Fe_3O_4$ |
| കോപ്പർ | കോപ്പർ പൈറൈറ്റ്സ് | $CuFeS_2$ |
| | കുപ്രൈറ്റ് | $Cu_2O$ |
| സിങ്ക് | സിങ്ക് ബ്ലെൻഡ് | $ZnS$ |
| | കലാമിൻ | $ZnCO_3$ |

2.♥♥♥എല്ലാഅയിരുകളുംധാതുക്കളാണ്,പക്ഷേഎല്ലാധാതുക്കളുംഅയിരുകളല്ല സാധൂകരിക്കുക .

ഭൂവൽക്കത്തിൽ കാണപ്പെടുന്ന ലോഹ സംയുക്തങ്ങളാണ് ധാതുക്കൾ.
എന്നാൽ എളുപ്പത്തിലും വേഗത്തിലും ചെലവ്കുറഞ്ഞ രീതിയിലും ലോഹം വേർതിരിച്ചെടുക്കാൻ കഴിയുന്ന ധാതുവിനെ ആ ലോഹത്തിന്റെ അയിര് (Ore) എന്നു വിളിക്കുന്നു.

**ലോഹ നിഷ്കർഷണം**

അയിരിൽ നിന്ന് ശുദ്ധമായ ലോഹത്തെ വേർതിരിക്കുന്ന എല്ലാ പ്രക്രിയകളും ഇതിൽ ഉൾപ്പെടുന്നു.
ലോഹ നിഷ്കർഷണത്തിന് മൂന്ന് പ്രധാന ഘട്ടങ്ങളുണ്ട്.

1. അയിരുകളുടെ സാന്ദ്രണം
2. സാന്ദ്രണം ചെയ്ത അയിരിൽ നിന്ന് ലോഹം വേർതിരിച്ചെടുക്കൽ
3. ലോഹങ്ങളുടെ ശുദ്ധീകരണം


**♥♥♥I. അയിരുകളുടെ സാന്ദ്രണം**

ഭൂവൽക്കത്തിൽ നിന്ന് ലഭിക്കുന്ന അയിരിൽ അടങ്ങിയ അപദ്രവ്യങ്ങളെ (*ഗാങ്*) നീക്കം ചെയ്യുന്ന പ്രക്രിയയാണ് അയിരിന്റെ സാന്ദ്രണം. അയിരിന്റെയും അപദ്രവ്യങ്ങളുടെയും സ്വഭാവമനുസരിച്ച് വിവിധ സാന്ദ്രണ രീതികളുണ്ട്.

### 1. ♥♥♥ജലപ്രവാഹത്തിൽ കഴുകിയെടുക്കൽ

***അപദ്രവ്യം സാന്ദ്രത കുറഞ്ഞതും അയിര് സാന്ദ്രത കൂടിയതു***മാകുമ്പോൾ ഭാരം കുറഞ്ഞ അപദ്രവ്യങ്ങളെജലപ്രവാഹ ത്തിൽ കഴുകി മാറ്റുന്നു

**ഉദാ:ഓക്സൈഡ് അയിരുകളുടെ സാന്ദ്രണം, സ്വർണത്തിന്റെ അയിരുകളുടെ സാന്ദ്രണം.**





6H7X5Q

## 2.♥♥♥പ്ലവനപ്രക്രിയ

**അപദ്രവ്യം സാന്ദ്രത കൂടുതലും അയിരിന് സാന്ദ്രത കുറവും** ആണെങ്കിൽ ഈ മാർഗ്ഗം ഉപയോഗിക്കാം


സൾഫൈഡ് അയിരുകളെ ഈ മാർഗ്ഗം ഉപയോഗിച്ച് സാന്ദ്രണം ചെയ്യാം




6HGT7D

## 3.♥♥♥ കാന്തിക വിഭജനം

**അയിര് ,അപദ്രവ്യം ഇവയിൽ ഏതെങ്കിലും ഒന്നിനുമാത്രം കാന്തിക സ്വഭാവം ഉണ്ടെങ്കിൽ** സാന്ദ്രണം ചെയ്യാൻ ഈ മാർഗ്ഗം ഉപയോഗിക്കാം . **മാഗ്നറ്റൈറ്റ്** എന്ന ഇരുമ്പിന്റെ കാന്തിക സ്വഭാവമുള്ള അയിരിനെ സാന്ദ്രണം ചെയ്യാൻ ഈ മാർഗംഉപയോഗിക്കാം .***കാന്തികമല്ലാത്ത ടിന്നിന്റെ അയിരായ ടിൻസ്റ്റോണിൽനിന്ന്($SnO_2$) കാന്തിക സ്വഭാവമുള്ള അപദ്രവ്യമായ അയൺ ടങ്സ്റ്റേറ്റിനെ വേർതിരിക്കാനും*** ഈ മാർഗം ഉപയോഗിക്കാം .




6HQP91

4.♥♥♥ലീച്ചിങ്

**അനുയോജ്യമായ ലായനിയിൽ അയിര് ചേർക്കുമ്പോൾ അത് രാസപ്രവർത്തനത്തിൽഏർപ്പെട്ട് ലയിക്കുന്നു** .ലയിക്കാത്ത അപദ്രവ്യങ്ങളെ അരിച്ചുമാറ്റുന്നു. അരിച്ചുകിട്ടിയ ലായനിയിൽ നിന്ന് രാസപ്രക്രിയയിലൂടെ ശുദ്ധമായ അയിര് വേർതിരിക്കുന്നു.

അലുമിനിയത്തിന്റെ അയിരായ ബോക്സൈറ്റ് ഈ രീതിയിലാണ് സാന്ദ്രണം ചെയ്യുന്നത്

3.അയിരുകളുടെ സാന്ദ്രതയുമായി ബന്ധപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന പട്ടികപൂർത്തിയാക്കുക .

| അയിരുകളുടെ പ്രത്യേകത | അയിരിൽ അടങ്ങിയ മാലിന്യങ്ങളുടെ പ്രത്യേകത | സ്വീകരിക്കാവുന്ന സാന്ദ്രണ രീതി |
|---|---|---|
| സാന്ദ്രത കൂടിയവ | സാന്ദ്രത കുറഞ്ഞവ | ........................ |
| കാന്തിക സ്വഭാവമുള്ളവ | കാന്തിക സ്വഭാവമില്ലാത്തവ | ........................ |
| സാന്ദ്രത കുറഞ്ഞ സൾഫൈഡ് അയിരുകൾ | സാന്ദ്രത കൂടിയവ | ........................ |
| ലായനിയിൽ ലയിക്കുന്ന അലുമിനിയം അയിരുകൾ | അതേ ലായനിയിൽ ലയിക്കാത്തവ | ........................ |

ഉത്തരം :

| അയിരുകളുടെ പ്രത്യേകത | അയിരിൽ അടങ്ങിയ മാലിന്യങ്ങളുടെ പ്രത്യേകത | സ്വീകരിക്കാവുന്ന സാന്ദ്രണ രീതി |
|---|---|---|
| സാന്ദ്രത കൂടിയവ | സാന്ദ്രത കുറഞ്ഞവ | ജലപ്രവാഹത്തിൽ കഴുകിയെടുക്കൽ |
| കാന്തിക സ്വഭാവമുള്ളവ | കാന്തിക സ്വഭാവമില്ലാത്തവ | കാന്തിക വിഭജനം |
| സാന്ദ്രത കുറഞ്ഞ സൾഫൈഡ് അയിരുകൾ | സാന്ദ്രത കൂടിയവ | പ്ലവനപ്രക്രിയ |
| ലായനിയിൽ ലയിക്കുന്ന അലുമിനിയം അയിരുകൾ | അതേ ലായനിയിൽ ലയിക്കാത്തവ | ലീച്ചിങ് |

4.♥♥♥താഴെ കൊടുത്തിരിക്കുന്ന അയിരുകൾക്ക് അനുയോജ്യമായ സാന്ദ്രന രീതി പട്ടികപ്പെടുത്തുക

1.ടിൻസ്റ്റോൺ 2. ബോക്സൈറ്റ് 3.സിങ്ക് ബ്ലെൻഡ്

ഉത്തരം :

| | |
|---|---|
| ടിൻസ്റ്റോൺ | കാന്തിക വിഭജനം |
| ബോക്സൈറ്റ് | ലീച്ചിങ് |
| സിങ്ക് ബ്ലെൻഡ് (ZnS) | പ്ലവന പ്രക്രിയ |

സിങ്ക് ബ്ലെൻഡ് (ZnS) ന്റെ സാന്ദ്രണത്തിന് ഇതുകൊണ്ടാണ് പ്ലവന പ്രക്രിയ ഉപയോഗിക്കുന്നത് ?

ഉത്തരം :അത് ഒരു സൾഫൈഡ് അയിരാണ് )

**II.♥♥♥സാന്ദ്രീകരിച്ച അയിരിൽ നിന്ന് ലോഹത്തെ വേർതിരിക്കൽ**

ഇതിന് സാധാരണയായി രണ്ട് ഘട്ടങ്ങളുണ്ട് .

a) സാന്ദ്രീകരിച്ച അയിരിനെ ഓക്സൈഡാക്കൽ

b) ഓക്സൈഡാക്കിയ അയിരിന്റെ നിരോക്സീകരണം

**(a)♥♥♥ സാന്ദ്രീകരിച്ച അയിരിനെ ഓക്സൈഡാക്കൽ**

i)♥♥♥**കാൽസിനേഷൻ :വായുവിന്റെ അസാന്നിധ്യത്തിൽ അയിരിനെ അതിന്റെ ദ്രവണാങ്കത്തേക്കാൾ കുറഞ്ഞ താപനിലയിൽ ചൂടാക്കുന്ന പ്രക്രിയ**യാണ് കാൽസിനേഷൻ . *കാൽസിനേഷൻ നടത്തുമ്പോൾ* ***ലോഹകാർബണേറ്റുകളും ഹൈഡ്രോക്സൈഡുകളും*** *വിഘടിച്ച്* ***ഓക്സൈഡായി മാറുന്നു.***

ii)♥♥♥ **റോസ്റ്റിങ് : വായുവിന്റെ സാന്നിധ്യത്തിൽ അയിരിനെ അതിന്റെ ദ്രവണാങ്കത്തേക്കാൾ കുറഞ്ഞ താപനിലയിൽ ചൂടാക്കുന്ന പ്രക്രിയ**യാണ് റോസ്റ്റിങ്. സാന്ദ്രീകരിച്ച അയിരുകളെ റോസ്റ്റിങ്ങിന് വിധേയമാക്കുമ്പോൾ അവയിലെ **ജലാംശം ബാഷ്പമായി പുറത്ത് പോകുന്നു. സൾഫൈഡ് അയിരുകൾ ഓക്സിജനുമായി ചേർന്ന് ഓക്സൈഡുകളായി മാറുന്നു.**

**ഉദാ: $Cu_2S$ അയിര് റോസ്റ്റിങ് വഴി $Cu_2O$ ആക്കി മാറ്റുന്നു.**

**b)♥♥♥ ഓക്സൈഡാക്കിയ അയിരിന്റെ നിരോക്സീകരണം**

ഓക്സൈഡാക്കിയ അയിരിൽ നിന്ന് ലോഹം നിർമിക്കുന്ന പ്രവർത്തനം നിരോക്സീകരണമാണ്. അനുയോജ്യമായ നിരോക്സീകാരികൾ ഇതിനായി ഉപയോഗിക്കാം.ലോഹങ്ങളുടെ **ക്രിയാശീലത്തിന്റെ അടിസ്ഥാനത്തിൽ ലോഹനിർമാണവേളയിൽ വൈദ്യുതി, കാർബൺ, കാർബൺ മോണോക്സൈഡ് എന്നിവ നിരോക്സീകാരിയായി ഉപയോഗിക്കുന്നു**.

**ക്രിയാശീലം കൂടിയ സോഡിയം, പൊട്ടാസ്യം, കാൽസ്യം പോലുള്ള ലോഹങ്ങളെ** അവയുടെ അയിരുകളിൽ നിന്ന് **വേർതിരിക്കാൻ** നിരോ ക്സീകാരിയായി **വൈദ്യുതി** ഉപയോഗിക്കുന്നു.

## III.♥♥♥ ലോഹശുദ്ധീകരണം

നിരോക്സീകരണം വഴി ലഭിക്കുന്ന ലോഹത്തിൽ മറ്റുലോഹങ്ങളും ലോഹ ഓക്സൈഡുകളും ചെറിയ തോതിൽ ചില അലോഹങ്ങളും അപദ്രവ്യങ്ങളായി കാണാറുണ്ട്. ഈ അപദ്രവ്യങ്ങളെ നീക്കം ചെയ്ത് ശുദ്ധമായ ലോഹം നിർമിക്കുന്ന പ്രക്രിയയാണ് ലോഹശുദ്ധീകരണം.ശുദ്ധീകരിക്കേണ്ട ലോഹങ്ങളുടെയും അവയിൽ അടങ്ങിയിരിക്കുന്ന മാലിന്യങ്ങളുടെയും സ്വഭാവം അടിസ്ഥാനമാക്കി ലോഹശുദ്ധീകരണത്തിന് വിവിധ മാർഗങ്ങൾ സ്വീകരിക്കുന്നു. ചില മാർഗങ്ങൾ താഴെ

### a. ♥♥♥ഉരുക്കി വേർതിരിക്കൽ

**കുറഞ്ഞ ദ്രവണാങ്കമുള്ള ടിൻ , ലെഡ്** എന്നീ ലോഹങ്ങളിൽ അപദ്രവ്യമായി മറ്റു ലോഹങ്ങൾ , ലോഹ ഓക്സൈഡുകൾ മുതലായവ ഉണ്ടായിരിക്കും.ഇത്തരം ലോഹങ്ങളെ ഫർണസിന്റെ ചരിഞ്ഞ പ്രതലത്തിൽ വച്ച് ചൂടാക്കുന്നു . അപ്പോൾ ശുദ്ധമായ ലോഹം അപദ്രവ്യങ്ങളിൽ നിന്ന് വേർതിരിഞ്ഞ് ഉരുകി താഴേക്ക് വരുന്നു . ഈ പ്രക്രിയയാണ് ഉരുക്കി വേർതിരിക്കൽ .





### b. ♥♥♥സ്വേദനം

താരതമ്യേന **കുറഞ്ഞ തിളനിലയുള്ള ലോഹങ്ങളായ സിങ്ക്, കാഡ്മിയം, മെർക്കുറി** എന്നിവ ശുദ്ധീകരിക്കുന്നതിന് ഈ രീതി ഉപയോഗിക്കുന്നു. അപദ്രവ്യമടങ്ങിയ ലോഹം ഒരു റിട്ടോർട്ടിൽ വച്ച് ചൂടാക്കുമ്പോൾ
ശുദ്ധലോഹം മാത്രം ബാഷ്പീകരിക്കുന്നു. ഈ ബാഷ്പം ഘനീഭവിച്ച്ശുദ്ധലോഹം ലഭിക്കുന്ന രീതിയാണ് സ്വേദനം..

### c.♥♥♥വൈദ്യുതവിശ്ലേഷണശുദ്ധീകരണം

ഒരു ചെറിയ കഷണം ശുദ്ധലോഹം നെഗറ്റീവ് ഇലക്ട്രോഡായും ശുദ്ധീകരിക്കേണ്ട അപദ്രവ്യമടങ്ങിയ ലോഹം പോസിറ്റീവ് ഇലക്ട്രോഡായും ആ ലോഹത്തിന്റെ ലവണലായനി ഇലക്ട്രോലൈറ്റായും എടുത്ത് വൈദ്യുതവിശ്ലേഷണത്തിലൂടെ ലോഹം ശുദ്ധീകരിക്കുന്ന പ്രക്രിയയാണ് വൈദ്യുതവിശ്ലേഷണ ശുദ്ധീകരണം. കോപ്പറിനെ ശുദ്ധീകരിക്കാൻ ഈ മാർഗം ഉപയോഗിക്കാം.




6IS8FL

5.♥♥♥ മുകളിലുള്ള ചിത്രം നിരീക്ഷിച്ച് ഇനിപ്പറയുന്ന പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| ആനോഡ് | |
| കാഥോഡ് | |
| ഇലക്ട്രോലൈറ്റ് | |
| ആനോഡിൽ നടക്കുന്ന രാസപ്രവർത്തനത്തിന്റെ സമവാക്യം | |
| കാഥോഡിൽ നടക്കുന്ന രാസ പ്രവർത്തനത്തിന്റെ സമവാക്യം | |

ഉത്തരം :

| | |
|---|---|
| ആനോഡ് | **അശുദ്ധമായ കോപ്പർ** |
| കാഥോഡ് | **ശുദ്ധമായ കോപ്പർ** |
| ഇലക്ട്രോലൈറ്റ് | **കോപ്പർ സൾഫേറ്റ് ലായനി** |
| ആനോഡിൽ നടക്കുന്ന രാസപ്രവർത്തനത്തിന്റെ സമവാക്യം | $Cu \rightarrow Cu^{2+} + 2\bar{e}$ |
| കാഥോഡിൽ നടക്കുന്ന രാസ പ്രവർത്തനത്തിന്റെ സമവാക്യം | $Cu^{2+} + 2\bar{e} \rightarrow Cu$ |

## ♥♥♥ ഇരുമ്പിന്റെ വ്യാവസായിക നിർമാണം

ഇരുമ്പിന്റെ വ്യാവസായിക നിർമാണവുമായി ബന്ധപ്പെട്ട് ഒരു കുട്ടിയുടെ സയൻസ് ഡയറി നോക്കൂ

September 15

♥♥♥

**ഇന്നത്തെ ക്ലാസ്**

### ഇരുമ്പിന്റെ വ്യാവസായിക നിർമാണം ( ഒന്നാം ദിനം )

- ധാതുക്കൾ - ഹേമറ്റൈറ്റ് ,മാഗ്നറ്റൈറ്റ്, അയൺ പൈറൈറ്റ്സ് മുതലായവ
- അയൺ പൈറൈറ്റ്സ് - വിഡ്ഢികളുടെ സ്വർണം . മഞ്ഞകലർന്ന ബ്രാസൻ നിറം സ്വർണത്തോട് സാദൃശ്യം കാണിക്കുന്നു.
- ഇരുമ്പിന്റെഅയിരുകൾ - ഹേമറ്റൈറ്റ്($Fe_2O_3$) ,മാഗ്നറ്റൈറ്റ്($Fe_3O_4$)

ഇരുമ്പ് വ്യാവസായികമായി നിർമിക്കുന്നത് **പ്രധാനമായും** ഹേമറ്റൈറ്റിൽ നിന്നാണ്


സാന്ദ്രത കുറഞ്ഞ അപദ്രവ്യങ്ങളെ ജലപ്രവാഹത്തിൽ കഴുകി മാറ്റുന്നു.

കാന്തിക വിഭജനത്തിലൂടെയും മാലിന്യങ്ങൾ നീക്കം ചെയ്യാം

അതിനുശേഷം റോസ്റ്റിംഗ് . റോസ്റ്റിംഗ് നടക്കുമ്പോൾ സൾഫർ , ആഴ്സെനിക് , ഫോസ്ഫറസ് മുതലായവ ഓക്സൈഡുകളായി വാതക രൂപത്തിൽ പുറത്തുപോവുന്നു . ഒപ്പം ജലാംശവും നീക്കം ചെയ്യപ്പെടുന്നു .

**[ജലപ്രവാഹത്തിൽ കഴുകുന്നു , കാന്തിക വിഭജനം , റോസ്റ്റിംഗ് ]**

*അപ്പോഴും ആയിരിൽ കാണപ്പെടുന്ന **ഗാങ് ആയ സിലിക്ക (സിലിക്കൺ ഡയോക്സൈഡ്)** നീക്കം ചെയ്യപ്പെടുന്നില്ല*




ബ്ലാസ്റ്റ് ഫർണസ് എന്ന സംവിധാനം ഉപയോഗിച്ചാണ് ഹേമറ്റൈറ്റിനെ അയണാക്കി മാറ്റുന്നത്. ഈ ഫർണസിന്റെ അടിവശത്തുകൂടി ഉയർന്ന താപനിലയിലുള്ള ശക്തമായ വായുപ്രവാഹം കടത്തിവിടുന്നു. അതിനാലാണ്ഈ ഫർണസിനെ ബ്ലാസ്റ്റ് ഫർണസ് എന്നുപറയുന്നത്.

September 16

**ഇന്നത്തെ ക്ലാസ്**

♥♥♥

## ഇരുമ്പിന്റെ വ്യാവസായിക നിർമാണം ( രണ്ടാം ദിനം )

പ്രവർത്തനം

**ഉപയോഗിക്കുന്ന വസ്തുക്കൾ : ഹേമറ്റൈറ്റ് ($Fe_2O_3$), ചുണ്ണാമ്പുകല്ല് ($CaCO_3$) കോക്ക്(C).**

ഫർണസിന്റെ മുകൾവശ ത്തുള്ള പ്രത്യേക ക്രമീകരണത്തിലൂടെ ഹേമറ്റൈറ്റ്, ചുണ്ണാമ്പുകല്ല് ,കോക്ക് എന്നിവ നിക്ഷേപിക്കുന്നു.

**രാസപ്രവർത്തനങ്ങൾ**

$$C + O_2 \rightarrow CO_2 + \text{താപം}$$

$$CO_2 + C + \text{താപം} \rightarrow 2CO$$

$$Fe_2O_3 + 3CO \rightarrow 2Fe + 3CO_2$$

ഈ കാർബൺമോണോക്സൈഡ് ആണ് പ്രധാനമായും ഹേമറ്റൈറ്റിനെ നിരോക്സീകരിച്ച് ഇരുമ്പാക്കി മാറ്റുന്നത് .

**( CO ആണ് നിരോക്സീകാരി )**

ഫർണസിലെ ഉയർന്ന താപനിലയിൽ കാൽസ്യം കാർബണേറ്റ് വിഘടിച്ച് കാൽസ്യം ഓക്സൈഡും കാർബൺഡൈഓക്സൈഡും ഉണ്ടാകുന്നു.

$$CaCO_3 \rightarrow CaO + CO_2$$

ഈ കാൽസ്യം ഓക്സൈഡ് (ഫ്ളക്സ്) അയിരിലെ $SiO_2$ (ഗാങ്) വുമായി പ്രവർത്തിച്ച് എളുപ്പത്തിൽ ഉരുകുന്ന കാൽസ്യം സിലിക്കേറ്റ് (സ്ലാഗ്) ആയി മാറുന്നു..

$$CaO + SiO_2 \rightarrow CaSiO_3$$

ഫ്ളക്സ് + ഗാങ് ⟶ സ്ലാഗ്

*ഗാങിന് ആസിഡ് സ്വഭാവമാണെങ്കിൽ ബേസിക് സ്വഭാവമുള്ള ഫ്ളക്സ് ആയിരിക്കണം ഉപയോഗിക്കേണ്ടത്.*

*ഗാങിന് ബേസിക് സ്വഭാവമാണെങ്കിൽ അസിഡിക് സ്വഭാവമുള്ള ഫ്ളക്സ് ആയിരിക്കണം ഉപയോഗിക്കേണ്ടത്.*

സാന്ദ്രത കുറഞ്ഞ ഉരുകിയ സ്ലാഗ് ഉരുകിയ ഇരുമ്പിന് മീതെ പൊങ്ങിക്കിടക്കുന്നു.

**പിഗ് അയൺ**

ബ്ലാസ്റ്റ് ഫർണസിൽ നിന്നു ലഭിക്കുന്ന ഉരുകിയ അയണിനെ പിഗ് അയൺ എന്ന് വിളിക്കുന്നു .

ഇതിൽ 4% കാർബണും മറ്റ് മാലിന്യങ്ങളായ മാംഗനീസ് സിലിക്കൺ, ഫോസ്ഫറസ് എന്നിവ അട ങ്ങിയിട്ടുണ്ട്.

♥♥♥

| | |
|---|---|
| ഇരുമ്പിന്റെ അയിര് | **ഹേമറ്റൈറ്റ്** ($Fe_2O_3$) |
| ബ്ലാസ്റ്റ് ഫർണസിലേക്ക് നിക്ഷേപിക്കുന്ന അസംസ്കൃത പദാർഥങ്ങള് | **ഹേമറ്റൈറ്റ്** ($Fe_2O_3$), **ചുണ്ണാമ്പുകല്ല്**($CaCO_3$) ,**കോക്ക്**(C) |
| ഹേമറ്റൈറ്റിനെ നിരോക്സീകരിക്കാൻ ഉപയോഗിക്കുന്ന പദാർഥം | **കാർബൺമോണോക്സൈഡ്** (CO) |
| ഗാങ് | $SiO_2$ |
| ഫ്ളക്സ് | CaO |
| സ്ലാഗ് | $CaSiO_3$ |
| സ്ലാഗ് രൂപീകരണ പ്രവര്ത്തനത്തിന്റെ സമവാക്യം | $CaO + SiO_2 \rightarrow CaSiO_3$<br>**ഫ്ളക്സ്** + **ഗാങ്** → **സ്ലാഗ്** |

**വിവിധതരം അലോയ് സ്റ്റീലുകൾ**

സ്റ്റീലിൽ മറ്റലോഹങ്ങൾ ചേർത്താണ് അലോയ് സ്റ്റീൽ നിർമിക്കുന്നു . വിവിധതരം അലോയ് സ്റ്റീലുകളും അവയുടെ പ്രത്യേകതകളും താഴെ കൊടുക്കുന്നു .

| അലോയ് സ്റ്റീലുകൾ | ഘടകങ്ങൾ | പ്രത്യേകത | ഉപയോഗം |
|---|---|---|---|
| സ്റ്റെയിൻലസ് സ്റ്റീൽ | Fe, Cr, Ni, C | ഉറപ്പുള്ളത് | പാത്രങ്ങൾ, വാഹനഭാഗങ്ങൾ ഇവ നിർമിക്കുന്നതിന് |
| അൽനിക്കോ | Fe, Al, Ni, Co | കാന്തിക സ്വഭാവം | സ്ഥിരകാന്തങ്ങൾ നിർമിക്കുന്നതിന് |
| നിക്രോം | Fe, Ni, Cr, C | ഉയർന്ന പ്രതിരോധം | ഹീറ്റിങ് കോയിലുകൾ നിർമിക്കുന്നതിന് |

സ്റ്റെയിൻലെസ്സ് സ്റ്റീൽ , നിക്രോം എന്നിവയിലെ ഘടകങ്ങൾ ഒന്നുതന്നെ ആണെങ്കിലും അവയുടെ അനുപാതം വ്യത്യസ്തമാണ്.

**ഘടക മൂലകങ്ങൾ വ്യത്യാസപ്പെടുത്തിയും അവയുടെ അനുപാതം വ്യത്യാസപ്പെടുത്തിയും വിവിധതരം ലോഹസങ്കരങ്ങൾ നിർമിക്കാം.**